# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2453

08.03.2017 - ൽ മറുപടിക്ക്.

## വ്യവസായ രംഗത്ത് കൂടുതൽ മുതൽമുടക്ക്

ചോദ്യം
ശ്രീ. കെ. വി. വിജയദാസ്

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
| --- | --- |
| (എ) വ്യവസായരംഗത്ത് കൂടുതൽ മുതൽ മുടക്ക് കൊണ്ടുവരുന്നതിനും ആധുനിക നവീകരണ മാതൃകയിൽ കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ; വിശദവിവരം നൽകുമോ ? | (എ) : വ്യവസായരംഗത്ത് കൂടുതൽ മുതൽമുടക്ക് കൊണ്ടുവരുന്നതിനും ആധുനിക നവീകരണ മാതൃകയിൽ കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനുമുള്ള വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ചില വ്യവസായങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരംഭക സഹായ പദ്ധതി വഴി അവയ്ക്ക് അധിക സാമ്പത്തിക സഹായം നൽകി വരുന്നു. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പരിപാടി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികളും നടത്തുന്നുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ വഴി ധനസഹായം നൽകി വരുന്നു. പുതിയ വ്യവസായ സംരംഭങ്ങളെ സഹായിക്കുവാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ബോധവത്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉത്പന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം, ഊർജ്ജിത വ്യവസായവത്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ല തലങ്ങളിലായി നടത്തി വരുന്നു. കൂടാതെ ബിസിനസ്സ് ടു ബിസിനസ് മീറ്റ്, സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായം തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും അവസരമൊരുക്കി. |

സെക്ഷൻ ഓഫീസർ.